**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് – ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി - പ്രതിമാസ പെൻഷൻ 1100/- രൂപയായി വർദ്ധിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ(എം.എസ്) നമ്പർ. 10/2018/കൃഷി　　　　തീയതി, തിരുവനന്തപുരം 17.01.2018

==========================================================================

പരാമർശം :- **1)** 26.09.2016- ലെ ജി.ഒ(എം.എസ്) 133/16/കൃഷി നമ്പർ ഉത്തരവ്.

2) 23/03/2017- ലെ ജി.ഒ (എം.എസ്) 204/2017/ധന നമ്പർ ഉത്തരവ്.

3) 04/08/2017- ലെ ജി.ഒ (എം.എസ്) 359/2017/ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 1,000/- രൂപ നിരക്കിൽ 01.06.2016 പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. 2017-18- ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ടി തുക 1,100/- രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പരാമർശം (2), (3) ലെ സർക്കാർ ഉത്തരവുകൾ പ്രകാരം എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും എല്ലാ ക്ഷേമനിധി ബോർഡുകളും നൽകുന്ന പെൻഷനുകളും 01/04/2017 മുതൽ പ്രതിമാസം 1,100/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 01.04.2017 പ്രാബല്യത്തിൽ 1,100/- രൂപയായി (ആയിരത്തി ഒരുന്നൂറ് രൂപ മാത്രം) വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. മിനി**

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യ (എസ്.എഫ്.സി ) സെൽ ബി വകുപ്പ്(670660 /എസ്.എഫ്.സി ബി1/17/ധന പ്രകാരം.)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- യ്ക്ക്